പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 219 — 09.03.2017-ൽ മറുപടിക്ക്.

## മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>,, ബി.സത്യൻ<br>,, കെ. ദാസൻ<br>,, സി.കൃഷ്ണൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത ഏതൊക്കെ മേഖലകളാണ് ഉണ്ടായിരുന്നത്; | (എ) മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത 66 മേഖലകളുണ്ടായിരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ മേഖലകളിൽ വേതനം പുതുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 10 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച കൊണ്ട് അന്തിമ വിജ്ഞാപനവും 3 മേഖലകളിൽ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ സ്കൂൾ പാചക തൊഴിലാളികൾക്കും മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച 5 മേഖലകളിലടക്കം എല്ലാ മേഖലകളിലും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മിനിമം വേതനം പുതുക്കി 3 വർഷം പൂർത്തിയായ ബാക്കിയുള്ള മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടു ണ്ട്. |
| (സി) മിനിമം വേതനത്തിന്റെ പരിധിയിൽ പുതുതായി ഏതൊക്കെ തൊഴിൽ മേഖലകൾ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു വെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (സി) നിലവിൽ 'ചെറുകിടതോട്ടങ്ങൾ' എന്ന മേഖലയെ പുതുതായി മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു. ആയതിനായി 27/07/16 ലെ 23511/ഇ1/16/ തൊഴിൽ നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അൺ എയ്ഡഡ് സ്വകാര്യ സ്കൂളുകളിലേയും അധ്യാപക തസ്തിക കൂടി മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടു വരാൻ സാധിക്കുമോ? | (ഡി) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച കരട് ബിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ പരിഗണനയിലാണ്. മേൽ തസ്തികകൾ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി മിനിമം വേതന നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത തൊഴിൽ മേഖലകൾ

| ക്ര. നം. | തൊഴിൽ മേഖല |
|---|---|
| 1 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 2 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 3 | ഓയിൽമിൽ |
| 4 | എൽ.പി.ഗ്യാസ് |
| 5 | ഷോപ്സ് ഹോട്ടൽ ആന്റ് റസ്റ്റാറന്റ് |
| 6 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് സെക്ഷൻ ഓഫീസർ |
| 7 | ഹാന്റ്ലൂം ആന്റ് ഡൈലി പീസ് റേറ്റ്സ് എംപ്ലോയീസ് |
| 8 | മൈനർ എഞ്ചിനീയറിംഗ് |
| 9 | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് |
| 10 | ഖാദി ഇൻഡസ്ട്രീസ് |
| 11 | ഡൊമസ്റ്റിക് വർക്സ് (ഗാർഹിക മേഖല) |
| 12 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് |
| 13 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 14 | സിനിമാ തീയറ്ററുകൾ |
| 15 | ഡ്രെയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര |
| 16 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി |
| 17 | ഹാന്റ്ലൂം കം മന്ത്‌ലി പെയ്ഡ് എംപ്ലോയീസ് |
| 18 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് |
| 19 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ |
| 20 | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് |
| 21 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് |
| 22 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |
| 23 | ടോഡി ടാപ്പിംഗ് |
| 24 | കുടനിർമ്മാണം |
| 25 | റിവർ സാന്റ് കളക്ഷൻ |
| 26 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 27 | മൈനർ പോർട്ട് |
| 28 | ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് |
| 29 | ഫോറസ്റ്റ് |
| 30 | സ്ക്രീൻ പ്രിന്റിംഗ് |
| 31 | ട്രീ ക്ലൈംബിംങ് |
| 32 | ഹാന്റിക്രാഫ്റ്റ് |

| | |
|---|---|
| 33 | പെട്രോൾപമ്പ് |
| 34 | മാർബിൾ ആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രി |
| 35 | ടിംബർ കട്ടിംഗ് |
| 36 | സെക്യൂരിറ്റി സർവ്വീസ് |
| 37 | ഇലക്ട്രോണിക് ഇൻഡസ്ട്രി |
| 38 | ടെലിംഫിലിം ആന്റ് മോഷൻ പിക്ചർ |
| 39 | ബ്രിക്സ് മാനുഫാക്ചറിംഗ് |
| 40 | തീപ്പെട്ടി വ്യവസായം |
| 41 | പവർലൂം |
| 42 | അലുമിനിയം ആന്റ് ടിൻ പ്രോഡക്ട് |
| 43 | ചാർട്ടേഡ് അക്കൗണ്ട് ആഫീസുകൾ |
| 44 | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ |
| 45 | ഇലക്ട്രിക് എക്വിപ്മെന്റ്സ് ഹോം അപ്ലൈയൻസ് ആന്റ് ഓപ്പറേഷൻസ് ഓഫ് സോഫ്ഫ്റ്റ് വെയർ സിസ്റ്റം |
| 46 | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് |
| 47 | പ്ലാസ്റ്റിക് ഇൻഡസ്ട്രി |
| 48 | പ്രൈവറ്റ് ടെംപിൾസ് |
| 49 | സോപ്പ് മാനുഫാക്ചറിഗ് |
| 50 | ടാനറീസ് ആന്റ് ലെതർ മാനുഫാക്ചറിംഗ് |
| 51 | വാട്ടർബോട്ട് ട്രാൻസ്പോർട്ട് |
| 52 | കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ഓഫ് ഡാംസ് |
| 53 | ഡയമ് കട്ടിംങ് ആന്റ് പോളിഷിംഗ് |
| 54 | ഹോസിയറി മാനുഫാക്ചറിംഗ് |
| 55 | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി |
| 56 | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 57 | സ്റ്റാർ ഹോട്ടൽ |
| 58 | കയർ ഇൻഡസ്ട്രി |
| 59 | ഹോസ്റ്റൽസ് |
| 60 | ഐസ് ഫാക്ടറീസ് |
| 61 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി |
| 62 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |
| 63 | ഹാന്റലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 64 | പ്രിന്റിംഗ് പ്രസസ് |
| 65 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് |
| 66 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ |

സെക്ഷൻ ഓഫീസർ